# കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

**(ഹാജർ : ബിജു പ്രഭാകർ ഐഎഎസ്)**

വിഷയം :- ജീവനക്കാര്യം - കൃഷി അസിസ്റ്റന്റുമാരുടെ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) 04.08.2016-ലെ എസ് ഇ (3) 1595/16 നമ്പർ ഉത്തരവ്.

2) തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ആഫീസറുടെ 19.10.2016, 25.10.2016 എന്നീ തീയതികളിലെ ഇ (1) 869/16 നമ്പർ കത്ത്.

3) ഉത്തരവ് നം.എസ് ഇ (3) 36754/16 തീയതി, 01.11.2016.

**ഉത്തരവ് നം.എസ് ഇ (3) 36754/16 തീയതി, 23.11.2016**

കൃഷി അസിസ്റ്റന്റുമാരുടെ 2016-ലെ പൊതു സ്ഥലംമാറ്റ ഉത്തരവിൽ ഉൾപ്പെട്ട തിരുവനന്തപുരം ജില്ലയിലെ ചില കൃഷി അസിസ്റ്റന്റുമാർ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും താല്ക്കാലിക സ്റ്റേ ഉത്തരവ് നേടിയിട്ടുണ്ട്. ആയതിനാൽ മറ്റ് ജില്ലകളിൽ നിന്നും സ്ഥലംമാറ്റം ലഭിച്ച് തിരുവനന്തപുരം ജില്ലയിലേക്ക് വന്ന 7 കൃഷി അസിസ്റ്റന്റുമാർക്ക് ഉചിതമായ നിയമന ഉത്തരവ് നൽകാനോ അവർക്ക് ശമ്പളം മാറി നല്കാനോ സാധിച്ചിട്ടില്ല എന്ന് 19.10.2016 ലെ കത്ത് പ്രകാരം തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ആഫീസർ അറിയിക്കുകയുണ്ടായി.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും സ്റ്റേ ഒഴിവാക്കിയ തീരുമാനം ലഭിക്കാത്ത സാഹചര്യത്തിൽ 7 കൃഷി അസിസ്റ്റന്റുമാർക്ക് ഉചിതമായ നിയമനം നൽകുന്നതിലേക്കായി തിരുവനന്തപുരം ജില്ലയിലെ ഏറ്റവും സീനിയറായ താഴെപ്പറയുന്ന 7 കൃഷി അസിസ്റ്റന്റുമാരെ വിവിധ ജില്ലകളിലേയ്ക്ക് സൂചന (3) പ്രകാരം മാറ്റിയിരുന്നു.

| ക്രമ നം. | പേര് | കൃഷി ഭവൻ | ജില്ലയിലെ സേവന ദൈർഘ്യം | സ്ഥലംമാറ്റപ്പെടേണ്ട ജില്ല |
|---|---|---|---|---|
| 1. | ശ്രീമതി ഷീല.എസ് | ചിറയിൻകീഴ് വക്കം | 10 വർഷം | തൃശ്ശൂർ |
| 2. | ശ്രീമതി ഷീജ.പി | കാരോട് | 8 വർഷം | എറണാകുളം |
| 3. | ശ്രീ.അശോകൻ.എ | നാവായിക്കുളം | 8 വർഷം | എറണാകുളം |
| 4. | ശ്രീമതി ലാലി.എസ് | കരുംകുളം | 7 വർഷം | എറണാകുളം |
| 5. | ശ്രീമതി കുമാരി തങ്കം | കൊല്ലായിൽ | 7 വർഷം | എറണാകുളം |
| 6. | ശ്രീമതി പ്രീത.ആർ | അഞ്ചുതെങ്ങ് | 6 വർഷം | കോട്ടയം |
| 7. | ശ്രീമതി സുമ.എസ് | കരുംകുളം | 7 വർഷം | കോട്ടയം |

എന്നാൽ ഇവരിൽ ശ്രീമതി ഷീജ.പി, ജവാന്റെ ആശ്രിതയാണെന്നതിനാലും ശ്രീമതി ലാലി.എസ്, ശ്രീമതി സുമ.എസ് എന്നിവർ ഈ സ്ഥലംമാറ്റം മുഖേന വളരെയധികം പ്രതികൂല ജീവിത സാഹചര്യം അനുഭവിക്കുന്നു എന്നതിനാൽ അനുകമ്പക്ക് അർഹരാണ് എന്ന് ബോദ്ധ്യപ്പെട്ടതിനാലും മേൽപ്പറഞ്ഞ 3 പേർക്ക് പകരമായി താഴെപ്പറയുന്ന കൃഷി അസിസ്റ്റന്റുമാരെ ജില്ലയിൽ ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ ഇവർക്ക് പ്രഥമ പരിഗണന നൽകണമെന്ന വ്യവസ്ഥയിൽ അവരുടെ പേരിനു നേരെ രേഖപ്പെടുത്തിയിട്ടുള്ള ജില്ലകളിലേയ്ക്ക് ഭരണ സൗകര്യാർത്ഥം സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ക്രമ നം.** | **പേര്** | **കൃഷി ഭവൻ** | **ജില്ലയിലെ സേവന ദൈർഘ്യം** | **സ്ഥലംമാറ്റപ്പെടേണ്ട ജില്ല** |
|---|---|---|---|---|
| 1. | ശ്രീ.ചന്ദ്രൻ.പി | വിഴിഞ്ഞം | 6 വർഷം | എറണാകുളം |
| 2. | ശ്രീമതി നിഷ.എസ് | കഴക്കൂട്ടം | 6 വർഷം | എറണാകുളം |
| 3. | ശ്രീ.രാധാകൃഷ്ണൻ.കെ.പി | വിതുര | 6 വർഷം | എറണാകുളം |

**(ഒപ്പ്)**
**കാർഷിക വികസന കർഷക ക്ഷേമ -**
**വകുപ്പ് ഡയറക്ടർ**

പകർപ്പ് :-

പ്രിൻസിപ്പൽ കൃഷി ആഫീസർ,
തിരുവനന്തപുരം / എറണാകുളം.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി എ-യ്ക്ക്.
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
സ്റ്റോക്ക് ഫയൽ / കരുതൽ.

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

എസ്.എ.10/11.